# പീഡനങ്ങൾ തുടർക്കഥയാകുമ്പോൾ......

ഡോ. പി.എൻ. സുരേഷ്കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി. മെഡിക്കൽ കോളേജ്
കോഴിക്കോട്

മൂന്നു വയസ്സുകാരിയായ മകളുടെ ശരീരമാസകലം മുറിപ്പാടുകൾ കണ്ട രേഖ ഞെട്ടിത്തരിച്ചുപോയി. തുടർന്ന് സാവധാനം കുട്ടിയിൽനിന്നും കാര്യങ്ങൾ ചോദിച്ചറിഞ്ഞ രേഖയുടെ മനസ്സ് അൽപ്പനേരത്തേക്ക് മരവിച്ചുപോയി. കാരണം അതിനു പിന്നിൽ തന്റെ ഭർത്താവാകുമെന്ന് അവർ ഒരിക്കലും കരുതിയിരുന്നില്ല. പീഡനകാര്യം ആരോടെങ്കിലും പറഞ്ഞാൽ മകളെ ഒരു ഇരുട്ടുമുറിയിൽ അടച്ചിട്ട് കൊന്നുകളയുമെന്നായിരുന്നു അച്ഛന്റെ ഭീഷണി. പിതാവാണെങ്കിൽകൂടി ആ കുറ്റവാളിയെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ തീരുമാനിച്ച രേഖ പരാതി നൽകാനായി പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ  അവിടെയുള്ളവർ തികഞ്ഞ ലാഘവത്തോടെയാണ് അവരോടു പെരുമാറിയത്. എഫ്.ഐ.ആർ. തയ്യാറായതിനുശേഷം മൂന്നു വർഷങ്ങൾ കഴിഞ്ഞിരുന്നു ഈ കേസിന്റെ ആദ്യ വാദം കേൾക്കാൻ. “ഇത്തരം കാര്യങ്ങൾ അമേരിക്കയിൽ മാത്രമാണ് സംഭവിക്കുന്നത്, എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?  എന്നായിരുന്നു കോടതിയിൽവെച്ച് രേഖയോടുള്ള അഭിഭാഷകന്റെ പുച്ഛം കലർന്ന ചോദ്യം.

അച്ഛനെകൂടി ഉൾപ്പെടുത്തിയിട്ടുള്ള വിസ്താരത്തിലൂടെ കുട്ടിയിൽനിന്നും കാര്യങ്ങൾ കോടതി ചോദിച്ചറിയണമെന്നുള്ള രേഖയുടെ അപേക്ഷ ആദ്യമേ നിരസിക്കപ്പെട്ടെങ്കിലും മകൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽനിന്നും ഒട്ടും പുറകോട്ടുപോകാൻ രേഖ തയ്യാറായില്ല. അതിനവർക്ക് മകളുടെ പൂർണ്ണ പിന്തുണയും ലഭിച്ചു. ചോദ്യങ്ങളിലൂടെയും ഭീഷണികളിലൂടെയും തന്നെ കുഴക്കാനും കളിയാക്കാനും ശ്രമിച്ച അഭിഭാഷകരുടെ ദുർബുദ്ധിയെ ആ ആറു വയസ്സുകാരി വളരെ അത്ഭുതകരമായി അതിജീവിച്ചു. പോലീസുകാരുടെയും ഡോക്ടർമാരുടെയും വക്കീലന്മാരുടെയും ന്യായാധിപന്മാരുടെയും മുന്നിൽ അവൾക്ക് തന്റെ കദനകഥ നിരവധി തവണ ആവർത്തിക്കേണ്ടിവന്നു. കുട്ടിക്ക് 13 വയസാകുന്നതുവരെ പീഡകനായ പിതാവ് കുട്ടിയിൽനിന്നും അകന്നു താമസിക്കണമെന്നും അതിനുശേഷം അവൾക്ക് അച്ഛനോടൊപ്പം കഴിയണമോ വേണ്ടയോ എന്നു തീരുമാനിക്കാം എന്നുമായിരുന്നു ഒടുവിലത്തെ വിധി.

രേഖയുടെ മകൾ ക്രമേണ സഹപാഠികളോടും മറ്റും ഒരു അടുപ്പവും കാണിക്കാതെ ഒറ്റപ്പെട്ടു ജീവിക്കാൻ തുടങ്ങി.  ഇടയ്ക്കിടെ രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയ കുട്ടിക്ക് ആണുങ്ങളെ കാണുന്നതുപോലും ഭയമായിത്തുടങ്ങി. ഭാഗ്യവശാൽ നിരവധി തവണയായിട്ടുള്ള കൗൺസിലിംഗുകളിലൂടെ മനഃശക്തി വീണ്ടെടുത്ത അവൾ ഇന്ന് നല്ല രീതിയിൽ വിദ്യാർത്ഥിജീവിതം നയിക്കുകയാണ്.

ഇനി മറ്റൊരു സംഭവം. നിത്യപീഡകനായ പിതാവിനെ ആ ആറു വയസ്സുകാരി നേരിട്ടത് പഠിക്കാത്തതിന് വഴക്കു പറഞ്ഞാൽ എല്ലാ കാര്യങ്ങളും അമ്മയോട് പറയുമെന്ന് ഭീഷണിപ്പെടുത്തിയാണ്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ അവളുടെ അമ്മയെ കൊന്നുകളയുമെന്നായിരുന്നു കുട്ടിക്കുള്ള പിതാവിന്റെ താക്കീത്. ഒടുവിൽ കുട്ടിയുടെ

സ്വഭാവത്തിൽ വന്ന മാറ്റം കണ്ട് സംശയം തോന്നിയ അമ്മയ്ക്ക് കാര്യങ്ങളെല്ലാം വ്യക്തമായപ്പോൾ അവർ പെട്ടെന്നുതന്നെ വിവാഹമോചനത്തിനു കേസ് കൊടത്തു. ആ ബന്ധം അവസാനിപ്പിച്ചു. ആ വിവാഹമോചനം കുട്ടിയുടെ മനസ്സിൽ കനത്ത ആഘാതമാണേൽപ്പിച്ചത്. താൻ കാരണമാണ് കുടുംബം തകർന്നതെന്നായിരുന്നു അവളുടെ ചിന്ത. തുടർന്ന് അവൾ സാധാരണ നിലയിലെത്താൻ ദീർഘകാലത്തെ കൗൺസിലിംഗുകൾ വേണ്ടിവന്നു.

ഇവ രണ്ടും ഒറ്റപ്പെട്ട സംഭവങ്ങളോ കെട്ടുകഥകളോ അല്ല, മറിച്ച് അടുത്ത കാലത്ത് നമ്മുടെ നാട്ടിൽ നടന്നവയാണ്. റിക്കവറിംഗ് ആന്റ് ഹീലിംഗ് ഫ്രം ഇൻസെസ്റ്റ് (RAHI) എന്ന സംഘടന ചെന്നൈ, മുംബൈ, കൊൽക്കത്ത എന്നിവിടങ്ങളിൽ സ്ത്രീകളിൽ നടത്തിയ പഠനത്തിൽ 76% പേരും കുട്ടിക്കാലത്ത് പലവിധത്തിലുള്ള ലൈംഗികാതിക്രമങ്ങൾക്ക് ഇരയായവരാണെന്ന് മനസ്സിലായി. അവരിൽ 71% പേർക്കും പീഡനമേൽക്കേണ്ടിവന്നത് സ്വന്തം ബന്ധുക്കളിൽനിന്നും വീടുമായി അടുത്തിടപഴകുന്നവരിൽനിന്നുമാണ് എന്നതായിരുന്നു ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം. ചെന്നൈയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 2211 കുട്ടികളിൽ 48% ആൺകുട്ടികളും 39% പെൺകുട്ടികളും ജീവിതത്തിലൊരിക്കൽ പീഡിപ്പിക്കപ്പെട്ടവരാണെന്ന് 2006ൽ നടന്ന ഒരു പഠനം വ്യക്തമാക്കുന്നു.

പിതാവാണെന്ന അവകാശത്തിന്റെ പേരിൽ എട്ടുവയസ്സുകാരിയായ മകളെ സ്ഥിരമായി കുളിപ്പിക്കുന്ന ഒരാളെ സംശയദൃഷ്ടിയോടെ കാണാനാവൂ. നിരന്തരമായുള്ള പീഡനശ്രമങ്ങളെ തിരിച്ചറിയാനും അവയിൽനിന്നും രക്ഷപ്പെടാൻ മറ്റുള്ളവരുടെ സഹായം തേടാനും നാം കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. അനുദിനം ഉയർന്നുകൊണ്ടിരിക്കുന്ന, കുട്ടികൾക്കും മുതിർന്നവർക്കുമെതിരെയുള്ള പീഡനങ്ങളെ അവഗണിക്കുന്ന വെറും വിഢ്ഢികളായി നാം മാറിക്കൂടാ. പീഡനത്തിനരയായവരുടെ ഫോട്ടോകളും അനുബന്ധ വിവരങ്ങളും മാധ്യമങ്ങൾ നിരന്തരം ആവർത്തിച്ചു കാണിക്കുന്നത് അവരുടേയും വീട്ടുകാരുടേയും വിഷമം വർദ്ധിപ്പിക്കാനേ ഉപകരിക്കുകയുള്ളു. കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽനിന്നും സംരക്ഷിക്കാനുള്ള ശക്തമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും കുട്ടികൾ വീട്ടിനകത്തുവെച്ച് പീഡിക്കപ്പെട്ട കാര്യം പരാതിപ്പെടാൻ അച്ഛനോ അമ്മയോ അദ്ധ്യാപകരോ ഉറ്റ ബന്ധുക്കളെതന്നെ മുന്നിട്ടിറങ്ങേണ്ടതുണ്ട്.

**ലൈംഗിക പീഡനങ്ങൾക്കു പിന്നിലെ മനഃശാസ്ത്രം**

ഒരു വ്യക്തിയെ നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ നടത്തുന്ന ലൈംഗികപ്രവർത്തികളെല്ലാംതന്നെ ലൈംഗിക പീഡനങ്ങളിൽ പെടുന്നു. പ്രായം കൂടുതലുള്ള ഒരു വ്യക്തി തനിക്ക് സംതൃപ്തി ലഭിക്കുന്ന വിധത്തിൽ തന്നെക്കാൾ പ്രായംകുറഞ്ഞ ഒരു വ്യക്തിയുമായി വിവിധ ലൈംഗികകേളികളിൽ ഏർപ്പെടുന്നതിനെ ലൈംഗികപീഡനമായി വേണം കാണാൻ. ബലാത്സംഗം, മോശമായ രീതിയിലുള്ള ശരീരസ്പർശം, ലൈംഗികാവയവങ്ങളുടെ പ്രദർശനം, ശാരീരികോപദ്രവം, മോശമായ ഭാഷാപ്രയോഗം എന്നിവയെല്ലാം ലൈംഗിക പീഡനങ്ങളിൽ പെടുന്നു. കുട്ടികളെ ഉപയോഗിച്ച് അശ്ലീല വീഡിയോകൾ മറ്റും നിർമ്മിക്കുന്നതും ലൈംഗികപീഡനമാണ്.

പലപ്പോഴും പീഡനങ്ങളെകുറിച്ചുള്ള വിവരങ്ങൾ അധികാരികൾക്ക് ലഭിക്കാത്തതുമൂലം നമ്മുടെ സമൂഹത്തിൽ നടക്കുന്ന അത്തരം ദുഷ്പ്രവൃത്തികളുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല. നവജാതശിശുക്കൾ മുതൽ പ്രായമേറിയവർവരെ പീഡനങ്ങൾക്കിരയാകുന്നുണ്ട്. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾക്കാണ് ലൈംഗികപീഡനങ്ങൾ കൂടുത

ലായും അനുഭവിക്കേണ്ടിവരുന്നത്. പീഡനങ്ങൾക്കിരയാകുന്നവരിൽ മൂന്നിലൊരു ഭാഗവും 9 വയസിന് മുമ്പുതന്നെ അത്തരം അതിക്രമങ്ങൾക്കിരയാകുന്നെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അത്തരം പീഡനങ്ങൾ പലപ്പോഴും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽനിന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതെങ്കിലും സാമ്പത്തികമായി മുൻനിരയിലുള്ള കുടുംബങ്ങളിൽ അവ പലപ്പോഴും രഹസ്യമായി സൂക്ഷിക്കപ്പെടുകയാണ് പതിവ്.

സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, മാനസികം എന്നീ മേഖലകളിലെ അധഃപതനവും മൂല്യച്ച്യുതിയുമാണ് ലൈംഗികപീഡനങ്ങൾക്കുള്ള മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കൂടാതെ മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, കുടുംബത്തിലെ അംഗങ്ങൾ സ്ഥലപരിമിതിയാൽ വളരെയടുത്ത് ശയിക്കേണ്ടിവരുന്ന അവസ്ഥ, സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടു ജീവിക്കുന്ന അവസ്ഥ എന്നിവയും ലൈംഗികപീഡനങ്ങൾക്കുള്ള മറ്റു കാരണങ്ങളാണ്.

ഇന്ത്യയിലെ 80% പെൺകുട്ടികളും ഏതെങ്കിലും തരത്തിലുള്ള പീഡനങ്ങൾക്ക് ഇരയാകുന്നുവെന്ന് പഠനറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പീഡകരിൽ 66 ശതമാനവും അടുത്ത ബന്ധുക്കളും സുഹൃത്തുക്കളുമാണ്. ശിശുപീഡകരിൽ 32 ശതമാനം പേരും സ്വന്തം കുട്ടികളെത്തന്നെ പീഡിപ്പിച്ചവരാണ്. ആൺകുട്ടികളിൽ 29% പേർ ലൈംഗികപീഡനമനുഭവിക്കുമ്പോൾ പെൺകുട്ടികൾ പീഡിക്കപ്പെടാനുള്ള സാധ്യത ആൺകുട്ടികളെ അപേക്ഷിച്ച് മൂന്നിരട്ടിയാണെന്നും പഠനങ്ങൾ പറയുന്നു. പ്രായംകൊണ്ടും കായികബലംകൊണ്ടും മുന്നിട്ടുനിൽക്കുന്ന പുരുഷൻതന്നെയായിരിക്കും മിക്കപ്പോഴും പീഡകൻ. വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും തൊഴിലാളികളും തൊഴിൽരഹിതരുമെല്ലാം അക്കൂട്ടത്തിൽപ്പെടുന്നു.

മദ്യവും മറ്റ് ലഹരിവസ്തുക്കളും തലച്ചോറിന്റെ മുൻവശത്തുള്ള പ്രീഫോണ്ടൽ ലോബിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതുമൂലം മനുഷ്യന്റെ വിവേചനശക്തി നഷ്ടപ്പെടുകയും അവന്റെ പെരുമാറ്റം മൃഗസമാനമാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് ലഹരിവസ്തുക്കൾക്കടിമകളായവർ ലൈംഗികാതിക്രമവേളകളിൽ ഇരകളെ മൃഗീയമായി മുറിവേൽപ്പിച്ചു കൊല്ലുന്നത്. അടുത്ത കാലത്തു നടന്ന കേരളത്തിലെ സൗമ്യയുടെയും ജിഷയുടെയും ഡൽഹിയിലെ പെൺകുട്ടിയുടെയും അതിദാരുണ അന്ത്യത്തിനു പിന്നിലും ലഹരിവസ്തുക്കൾ തന്നെയാകാം കാരണം. ലഹരിവസ്തുക്കളുടെ ഉപയോഗം കൊണ്ടല്ലാതെതന്നെ മറ്റുള്ളവരെ ശാരീരികമായും മാനസികമായും വേദനിപ്പിക്കുകയും മുറിവേൽപ്പിക്കുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്ത് ആനന്ദിക്കുന്ന വ്യക്തിത്വവൈകല്യമുള്ളവരുമുണ്ട്. സാമൂഹ്യവിരുദ്ധത (Anti social personality), പരപീഡാനന്ദം (sadistic personality) തുടങ്ങിയ വൈകല്യങ്ങളെല്ലാം അക്കൂട്ടത്തിൽ പെടുന്നവയാണ്. സെക്ഷ്വൽ പെർവേഷൻ (sexual perversions) കുട്ടികളുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടാനുള്ള താല്പര്യം (pedophilia), ലൈംഗികാവയവങ്ങളുടെ പ്രദർശനം (exhibitionism), വസ്ത്രം മാറുന്നതും കുളിക്കുന്നതും ഒളിച്ചുനോക്കുന്ന ശീലം (voyuerism) തുടങ്ങിയ ലൈംഗിക വൈകൃതമുള്ളവർ പീഡകരാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

ലൈംഗികാതിക്രമങ്ങൾ നടത്തുന്നവരിൽ നല്ലൊരു ശതമാനം പേർ കുട്ടിക്കാലത്ത് പല വിധത്തിലുള്ള ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായവരാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ശാരീരികമായ അക്രമവും ഭീഷണിയും കൊണ്ടാണ് പ്രായം ചെന്നവരെ പലപ്പോഴും ലൈംകികാതിക്രമങ്ങൾക്ക് വിധേയരാക്കുന്നത്. കുട്ടികളെയും ചിലപ്പോൾ അക്രമ

ത്തിലൂടെ കീഴ്പ്പെടുത്തുമെങ്കിലും മിക്കപ്പോഴും അതിന്റെ ആവശ്യം ഉണ്ടാകാറില്ല. മുതിർന്ന വർക്ക് കുട്ടികളിന്മേലുള്ള ആധിപത്യമാണതിനു കാരണം. പണത്തിന്റെയും ഭീഷണിയുടെയും സ്വാധീനത്തിൽ ലൈംഗികാതിക്രമങ്ങൾക്കു വഴങ്ങുന്ന ചില മുതിർന്ന കുട്ടികളുമുണ്ട്. പീഡനം നടത്തിയ വ്യക്തി “പീഡനരഹസ്യം” പുറത്തുപറയരുതെന്ന് ഇരയായ കുട്ടിയെ ഭീഷണിപ്പെടുത്തികൊണ്ടേയിരിക്കും. ലജ്ജയും കുറ്റബോധവും കാരണം രഹസ്യം പുറത്താകാതിരിക്കാൻ കുട്ടിയും നിർബന്ധിതമാകുന്നു.

ലൈംഗികപീഡനങ്ങൾ സ്വന്തം ബന്ധുക്കളിൽനിന്നുതന്നെ അനുഭവിക്കേണ്ടിവരുന്ന അവസ്ഥ പലർക്കും ഉണ്ടാകാറുണ്ട്. പിതാവ്, രണ്ടാനച്ഛൻ, അമ്മാവൻ, മറ്റ് സഹോദരങ്ങൾ എന്നിവരിൽനിന്നാണ് അത്തരം അനിഷ്ടസംഭവങ്ങൾ സാധാരണയായി നേരിടേണ്ടിവരുന്നത്. പിതാവും മകളും തമ്മിലുള്ള ബന്ധമാണ് അവയിൽ ഭൂരിപക്ഷവും. ഭർത്താവിനെയോ സഹോദരനെയോ മാത്രം ആശ്രയിച്ചു കഴിയുന്ന ഒരു സ്ത്രീക്ക് തന്റെ കുട്ടികളെ അവർ പീഡിപ്പിക്കുന്നത് നിസ്സഹായയായി കണ്ടുനിൽക്കേണ്ട ഗതികേടുമുണ്ടാകും. എന്നാൽ അത്തരം സന്ദർഭങ്ങളിൽ മറ്റെല്ലാം മറന്ന് സധൈര്യം പ്രതികരിക്കുന്ന സ്ത്രീകളുമുണ്ട്.

ഒരു പെൺകുട്ടിക്ക് തന്നെ പീഡിപ്പിച്ച അച്ഛനോട് പലപ്പോഴും കടുത്ത ദേഷ്യത്തിനു പകരം ഒരു അമ്പരപ്പാണുണ്ടാകുക. ആ പിതാവിനെ പിന്നീട് കുട്ടി നോക്കിക്കാണുന്നത് ദേഷ്യവും സ്നേഹവും ഇടകലർന്ന ഒരു പ്രത്യേക വികാരത്തോടെയായിരിക്കും. അച്ഛൻ മോശമായി പെരുമാറാൻ താൻ എന്തു തെറ്റാണ് ചെയ്തതെന്ന ചിന്തയും കുട്ടിയുടെ മനസ്സിൽ നിരന്തരം കടന്നുവരും. തുടർന്ന് ഒരു സ്പ്നലോകത്തിൽ അകപ്പെട്ടതുപോല തോന്നുന്ന കുട്ടിക്ക് രാത്രികളിൽ തന്റെ ഉറക്കം കെടുത്തുന്ന പിതാവിന്റെ മുഖമാണോ അതോ പകൽസമയങ്ങളിൽ തലേന്നു രാത്രിയിൽ ഒന്നുംതന്നെ സംഭവിച്ചിട്ടില്ലാത്ത മട്ടിൽ പെരുമാറുന്ന അച്ഛന്റെ മുഖമാണോ വിശ്വസിക്കേണ്ടതെന്ന ആശയക്കുഴപ്പമുണ്ടാകുന്നു.പലപ്പോഴും അത്തരം കുടുംബബന്ധങ്ങളിൽ അമ്മമാർ ഒരു കാര്യത്തിനും തന്റേടമില്ലാത്തവരോ രോഗികളോ ശാരീരീക-മാനസിക-വൈകല്യമുള്ളവരോ ആയിരിക്കും. അതുകൊണ്ടുതന്നെ പീഡനത്തിരയാകുന്ന മകൾതന്നെയാകും കുടുംബത്തിൽ അമ്മയുടെ സ്ഥാനം കൈകാര്യം ചെയ്യുന്നത്. പീഡിപ്പിക്കുന്ന പിതാവാകട്ടെ പലപ്പോഴും മദ്യപാനിയോ ലഹരി വസ്തുക്കൾ സ്ഥിരമായി ഉപയോഗിക്കുന്ന ആളോ ആയിരിക്കും. അമ്മയും മകളും തമ്മിലുള്ള ലൈംഗികബന്ധമാണ് പീഡനങ്ങളിൽ ഏറ്റവും ഭീകരം. കടുത്ത മാനസികാസ്വാസ്ഥ്യം അനുഭവിക്കുന്നവരിലാണ് അത്തരം ബന്ധങ്ങൾ മിക്കവാറും സംഭവിക്കാറുള്ളത്. സഹോദരീസഹോദരന്മാർക്കിടയിലെ ലൈംഗികബന്ധങ്ങൾ പലപ്പോഴും അച്ഛനമ്മമാർ ഇടപെട്ട് മൂടിവെയ്ക്കുകയാണ് പതിവ്.

ലൈംഗിക പീഡനങ്ങളുടെ അനന്തരഫലങ്ങളെ സ്വാധീനിക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. പീഡനത്തിന്റെ സ്വഭാവം, ഇരകയുടെ പ്രായം, ഇരയും പീഡകനും തമ്മിലുള്ള ബന്ധം, പീഡനത്തിന്റെ കാലയളവ് എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. വിശ്വസ്തനായ ഒരു വ്യക്തിയിൽനിന്നും പീഡനമേൽക്കേണ്ടിവരുന്ന കുട്ടികൾ വിശ്വാസ്യതക്ക് പിന്നിലെ ചതിയെക്കുറിച്ച് ബോധവാന്മാരാകുന്നു. കുടുംബങ്ങൾ, സുഹൃത്തുക്കൾ, വിദഗ്ധരായ ഡോക്ടർമാർ എന്നിവരുടെ പിന്തുണയും സഹായവും ലഭിക്കുന്ന ഇരകൾക്ക് ദീർഘകാലം നീണ്ടുനിൽക്കുന്ന മാനസികപ്രശ്നങ്ങൾക്കുള്ള സാധ്യത വളരെക്കുറവാണ്. അതേസമയം തന്നെ “പീഡനരഹസ്യം” മനസ്സിൽ സൂക്ഷിക്കാൻ നിർബന്ധിതരാകുന്ന കുട്ടികൾക്ക് ദീർഘകാലം നീണ്ടുനിൽക്കുന്ന ഗുരുതരമായ മാനസികപ്രശ്നങ്ങൾ ഉണ്ടാകാനും ഇടയുണ്ട്.

**പീഡനത്തിന്റെ പരിണിതഫലങ്ങൾ**

പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് പലതരത്തിലുള്ള മാനസിക പ്രശ്നങ്ങളും ഉണ്ടാകാം. പീഡനത്തിനിരകളാകുന്ന കുട്ടികളിലെ കുറ്റബോധം, ഭയം, ലജ്ജ, ദേഷ്യം എന്നിവ തുടക്കത്തിൽതന്നെ ചികിത്സിച്ചില്ലെങ്കിൽ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കാം. കടുത്ത ഉത്കണ്ഠ, താൻ ഒന്നിനും കൊള്ളാത്തവളാണെന്ന തോന്നൽ, ലൈംഗിക-വൈകാരിക പ്രശ്നങ്ങൾ എന്നിവയെല്ലാം ലൈംഗികപീഡനത്തിന്റെ ഫലമായുണ്ടാകുന്ന ദീർഘകാലം നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. പീഡനത്തിനിരയായവരിൽ ചിലപ്പോൾ കടുത്ത വിഷാദം, ആത്മഹത്യാ പ്രവണത, മദ്യത്തിന്റെയും മയക്കുവരുന്നിന്റെയും അമിതോപയോഗം എന്നിവയൊക്കെ കണ്ടുവരാം. പീഡനത്തിരയായ ഒട്ടേറെപ്പേർക്ക് വൈവാഹിക കുടുംബ ജീവിതത്തിൽ പ്രയാസങ്ങൾ അനുഭവപ്പെടാറുണ്ട്.

ലൈംഗികപീഡനത്തിനിരയായവർ അനുഭവിക്കുന്ന പ്രശ്നങ്ങളെ മനഃശാസ്ത്രപരം, സാമൂഹികം, ലൈംഗികം, ശാരീരികം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്.

എ) മനഃശാസ്ത്ര പ്രശ്നങ്ങൾ

ഭയം, ഹൃദയാഘാതമുണ്ടാകുമെന്ന ഭയം, ഉറക്കമില്ലായ്മ, ഭീകരസ്വപ്നങ്ങൾ, അസ്വസ്ഥത, കടുത്ത ദേഷ്യം, പ്രതികാര മനോഭാവം, ആരെങ്കിലും ദേഹത്തു തൊട്ടാൽ പെട്ടെന്നുള്ള ഞെട്ടൽ, ആത്മവിശ്വാസമില്ലായ്മ, താൻ ഒന്നിനും കൊള്ളാത്തവനാണെന്ന തോന്നൽ, മദ്യത്തിനും മയക്കുമരുന്നിനും അടിമയാകൽ, അമിതമായുള്ള അധ്വാനവും പരുഷമായ കായികവിനോദങ്ങളും, വിഷാദം, സ്വയം നശിക്കൽ, വേശ്യാവൃത്തി.

ബി) സാമൂഹിക പ്രശ്നങ്ങൾ

മറ്റുള്ളവരിൽ വിശ്വാസം നഷ്ടപ്പെടൽ, കുടുംബബന്ധങ്ങളിലും വിശ്വാസ്തതയില്ലെന്ന ഭയം.

സി) ലൈംഗിക പ്രശ്നങ്ങൾ

ലൈംഗികവേഴ്ചാ സമയത്തെ പങ്കാളിയിൽനിന്നുള്ള സ്നേഹപൂർണ്ണമായ പെരുമാറ്റമോ സ്പർശമോ ഒക്കെ മുമ്പ് തനിക്ക് അനുഭവിക്കേണ്ടിവന്ന പീഡനത്തിന്റെ ഓർമ്മകൾ ഉണ്ടാക്കാം. അത്തരം രോഗികൾ ചിലപ്പോൾ ഒട്ടുംതന്നെ സ്നേഹം കാണിക്കാതിരിക്കുകയോ പേരിനുമാത്രം  സ്നേഹം പ്രകടിപ്പിക്കുകയോ ചെയ്യുന്നു. ലൈംഗികാവയവങ്ങളിൽ വേദന, വേഴ്ചയിൽ താല്പര്യമില്ലായ്മ, ഉദ്ധാരണക്കുറവ്, രതിമൂർച്ഛാവേളയിലെ പ്രശ്നങ്ങൾ, ശീഘ്രസ്ഖലനം തുടങ്ങിയ ലൈംഗികപ്രശ്നങ്ങളും കണ്ടുവരുന്നു.

ഡി) ശാരീരികപ്രശ്നങ്ങൾ

വയറുവേദന, ലൈംഗികവേഴ്ചാസമയത്തെ വേദന, ആർത്തവവേദന, കുടലിലെ പ്രശ്നങ്ങൾ, മനംപിരട്ടൽ, തലവേദന, പുറംവേദന, തോളുകളിലെ വേദന, ശരീരഭാഗങ്ങളിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത വേദന, അമിതമായി ഭക്ഷണം കഴിക്കുക അല്ലെങ്കിൽ തീരെ കഴിക്കാതിരിക്കുക.

ലൈംഗിക പീഡനത്തെത്തുടർന്ന് ഒരു മാസത്തിലധികം സ്കൂളിലോ ജോലിക്കോ പോകാതെ എല്ലാവരിൽനിന്നും ഒറ്റപ്പെട്ട് കഴിയുന്നവരുണ്ടെങ്കിൽ പീഡനത്തിന്റെ ആഘാതം അവരെ പോസ്റ്റ്-ട്രോമാറ്റിക് സ്ട്രസ്സ് സിൻഡ്രോം (Post Traumatic Stress Syndrome)

എന്ന മാനസികാവസ്ഥയിൽ എത്തിച്ചേന്നു മനസ്സിലാക്കാം. കടുത്ത പീഡനത്തെ തുടർന്നുണ്ടാകുന്ന ആ മാനസികാവസ്ഥയുടെ ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.

1) എല്ലാം നിഷേധിക്കലും ഒന്നും പുറത്തു പറയാതിരിക്കലും
2) പീഡനത്തിന്റെ ദുരന്താനുഭവങ്ങൾ വീണ്ടും വീണ്ടും ഓർമ്മയിൽ വരുക
3) അമിതമായ അസ്വസ്ഥത

സമൂഹത്തിൽ അനുദിനം വർദ്ധിച്ചകൊണ്ടിരിക്കുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ പൊതുജനങ്ങളെ ബോധവത്ക്കരിക്കുകയും അത്തരം അതിക്രമങ്ങളിൽനിന്നും രക്ഷ നേടാനുള്ള പ്രതിരോധമാർഗ്ഗങ്ങൾ വളരുന്ന കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുക എന്നതാണ് ലൈംഗിക പീഡനങ്ങളെ ചെറുക്കാനുള്ള പ്രധാന പ്രതിരോധമാർഗ്ഗം. ഇന്നത്തെ കുട്ടികൾക്ക് കരാട്ടെ, കുങ്ഫു തുടങ്ങിയ സ്വയംരക്ഷക്കുള്ള അഭ്യാസമുറകളിൽ പരിശീലനം നൽകേണ്ടതുണ്ട്. അതോടൊപ്പംതന്നെ പീഡകർക്കെതിരെയുള്ള നിയമനടപടികൾ കൂടുതൽ കർശനമാക്കുകയും ഇരകൾക്കേറ്റ മാനസികാഘാതത്തിൽനിന്നും അവരെ മോചിപ്പിക്കാൻ സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ വ്യാപകമാക്കുകയും വേണം. ഗുരുതരമായ മാനസികപ്രശ്നങ്ങളിലേക്ക് എത്താതിരിക്കാൻ അവർക്ക് പ്രതിസന്ധിതരണ കൗൺസിലിംഗും (Cricis Intervention Therapy) ആവശ്യമാണ്. മാനസിക രോഗങ്ങളുണ്ടെങ്കിൽ തീർച്ചയായും ഒരു മനോരോഗ വിദഗ്ധന്റെ മേൽനോട്ടത്തിലുള്ള ചികിത്സയും വേണ്ടിവന്നേക്കാം.

**അവഗണിക്കാൻ പാടില്ലാത്ത ലക്ഷണങ്ങൾ**

1. ഒരു കുട്ടിയെ ആരെങ്കിലും അകാരണമായി ശ്രദ്ധിക്കുന്നത്
2. കുട്ടിയുടെ ഇഷ്ടക്കേട് അവഗണിച്ചുള്ള ആലിംഗനം, സ്പർശനം, ചുംബനം
3. കുട്ടിയുടെ ശാരീരിക വളർച്ചയെക്കുറിച്ചുള്ള ലൈംഗികച്ചുവയുള്ള സംസാരം
4. കുട്ടിയെ തനിച്ചു കിട്ടാൻ സാഹചര്യമൊരുക്കുന്നതിനുള്ള ശ്രമം
5. സമപ്രായക്കാരുമായി സമയം ചെലവഴിക്കാതെ കുട്ടികളോടൊത്തു സമയം ചെലവഴിക്കാനുള്ള ചിലരുടെ ശ്രമം
6. കുട്ടികൾക്ക് അനാവശ്യമായി സമ്മാനങ്ങളും പണവും നൽകൽ
7. കുട്ടികൾ കുളിക്കുന്നിടത്തേക്കും വസ്ത്രം മാറുന്നിടത്തേക്കും മറ്റും ഇടയ്ക്കിടെ കടന്നുചെല്ലുന്ന ശീലം
8. കുട്ടികളിൽ അച്ചടക്കമില്ലായ്മ വളർത്താനുള്ള ശ്രമം.

**സ്വീകരിക്കേണ്ട മുൻകരുതലുകൾ**

1. അടുത്ത ബന്ധുക്കളിൽനിന്നും മറ്റും ഇഷ്ടപ്പെടാത്ത നീക്കങ്ങൾ ഉണ്ടായാൽ അതിനെതിരെ പ്രതികരിക്കാൻ കുട്ടിയെ പരിശീലിപ്പിക്കുക
2. കുടുംബാംഗങ്ങൾക്കിടയിൽ വേണ്ട ദൂര നിയന്ത്രണവും ആവശ്യമായ ബഹുമാനവും നിലനിർത്താൻ മുതിർന്നവർ ശ്രമിക്കണം.
3. അനുചിതമായ പെരുമാറ്റം കാണിക്കുന്നവർക്കെതിരെ മുതിർന്നവർ പ്രതികരിക്കുക
4. ലൈംഗിക പീഡനത്തെക്കുറിച്ച് കുട്ടികളെ ബോധവല്ക്കരിക്കുന്നതിനൊപ്പം ശരീരാ

വയവങ്ങളുടെ യഥാർത്ഥ പേരുകൾ അവരെ പറഞ്ഞു മനസ്സിലാക്കുക

5. നല്ല വിധത്തിലുള്ളതും ചീത്ത രീതിയിലുള്ളതുമായ ശരീരസ്പർശങ്ങളെ തിരിച്ചറിയാൻ കുട്ടികളെ പരിശീലിപ്പിക്കുക

6. കുട്ടിയുടെ വികാര-വിചാരങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

7. പീഡനങ്ങൾക്കെതിരെയുള്ള സുരക്ഷാപദ്ധതി തയ്യാറാക്കുന്ന വേളയിൽ കുട്ടിയെയും കാര്യക്ഷമമായി ഇടപെടുവിക്കുക

8. കാര്യങ്ങൾ അറിയാനും ഉപദേശങ്ങൾക്കും സഹായത്തിനും ആരെയൊക്ക സമീപിക്കണമെന്നതിന്റെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ലിസ്റ്റ് ഉണ്ടാക്കി വീടുകളിലും സ്കൂളുകളിലും സൂക്ഷിക്കുക.

**സഹായഹസ്തങ്ങൾ**

**I. ചൈൽഡ്‌ലൈൻ സർവ്വീസ്**

24 മണിക്കൂറും പ്രവർത്തിക്കുന്ന ചൈൽഡ്‌ലൈൻ സർവ്വീസ് എന്ന സംരംഭം കുട്ടികളെ പീഡനത്തിൽനിന്നും സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ചൈൽഡ്‌ലൈൻ ഇന്ത്യ ഫൗണ്ടേഷൻ എന്ന സംഘടനയിൽനിന്ന് ചൈൽഡ്‌ലൈൻ സർവ്വീസിനു തുടക്കമിട്ടത്. 1098 എന്ന ട്രോൾഫ്രീ നമ്പരിലേക്ക് ഡയൽ ചെയ്താൽ ആർക്കും ചെൽഡ്‌ലൈൻ സർവ്വീസിന്റെ സഹായം ലഭിക്കും. കുട്ടികളുടെ അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്ര സഭാ സമ്മേളനത്തിന്റെ തുടർച്ചയായി ഇന്ത്യയിൽ നിലവിൽവന്ന ആദ്യ സംരംഭമാണ് ചൈൽഡ്‌ലൈൻ സർവ്വീസ്. ഇന്ന് ഇന്ത്യയിലെ 215 നഗരങ്ങളിൽ ചൈൽഡ്‌ലൈൻ പ്രവർത്തിക്കുന്നുണ്ട്.

**II. ദി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസ് ആകട് (POCSO 2012)**

1. ഈ നിയമം 2012 മെയ് മാസമാണ് പാസാക്കിയത്

2. 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളെയും ലൈംഗികാതിക്രമങ്ങളിൽനിന്നും അശ്ലീലതയിൽനിന്നും സംരക്ഷിക്കുന്നു.

3. പിഴ മുതൽ കഠിന തടവുവരെ നീളുന്നതാണ് ഇതിലെ ശിക്ഷാനടപടികൾ

4. വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള വ്യവസ്ഥയുണ്ട്

5. കുട്ടികളുടെ മാനസികാവസ്ഥയെ കൂടുതൽ മോശമായി ബാധിക്കാത്ത വിധത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചുവേണം കേസന്വേഷണവും വിചാരണയും നടത്തേണ്ടതെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു

6. കുട്ടികൾക്ക് സാന്ത്വനം നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

**പീഡകരെ എന്തു ചെയ്യണം**

ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ടവരാണ് ഇക്കൂട്ടരിൽ ഭൂരിഭാഗവും. ഒരു കുട്ടിയേയോ സ്ത്രീയേയോ അനുകൂലസാഹചര്യങ്ങളിൽ ഇവരുടെ

മുന്നിൽപെട്ടാൽ ഒരിക്കലും രക്ഷപ്പെടുകയില്ല. തലച്ചോറിന്റെ താളപ്പിഴകളും വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവില്ലായ്മയും അക്രമണോത്സുകതയുമാണ് ഇവരുടെ സ്വഭാവവൈകൃതത്തിന്റെ അടിസ്ഥാന കാരണങ്ങൾ. അതോടൊപ്പം മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗംകൂടി ശീലമാക്കുമ്പോൾ ഇവർ തികച്ചും മൃഗതുല്യരായിത്തീരുന്നു. അതിനാൽ മനഃശാസ്ത്രപരമായ ചികിത്സകൾ സമൂഹദ്രോഹം (Antisocial) പോലുള്ള വ്യക്തിത്വവൈകല്യമുള്ളവരിൽ ഫലപ്രദമാകാറില്ല. എന്നിരുന്നാലും അത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ചികിത്സിക്കാനും പുനരധിവസിപ്പിക്കാനുമായി “ഫിനിക്സ് പ്രോഗ്രാം” (Phoenix Programme) എന്നൊരു ചികിത്സാരീതി പാശ്ചാത്യരാജ്യങ്ങളിൽ നിലവിലുണ്ട്. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന മരുന്നുപയോഗിച്ചുള്ള വന്ധ്യംകരണം (chemical castration) കുറ്റവാളികൾകകുള്ള മതിയായ ശിക്ഷയും ശരിയായ ചികിത്സയുമാണെന്ന് പറയാനാകില്ല. അങ്ങനെ ചെയ്യുന്നതിലൂടെ ഒരാളുടെ ഉദ്ധാരണശേഷി നഷ്ടപ്പെടുമെന്നല്ലാതെ അയാളുടെ മൃഗീയവാസനകൾ അവസാനിക്കുന്നില്ല. അതുകൊണ്ടുതന്നെ അയാൾ കടുത്ത പകയോടെ, പൂർവ്വാധികം മൃഗീയതയോടെ വീണ്ടും ക്രൂരകൃത്യങ്ങളിൽ ഏർപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. കുറ്റകൃത്യങ്ങളുടെ സ്വഭാവവും വ്യാപ്തിയും കണക്കിലെടുത്തുള്ള ജീവപര്യന്തം തടവോ വധശിക്ഷയോ മാത്രമാണ് യഥാർത്ഥത്തിൽ പീഡനകൊലപാതകങ്ങൾക്ക് അനുയോജ്യമായ ശിക്ഷാവിധികൾ.

//**//